5) വീട്ടിൽ വിരുന്നുകാരെത്തുമ്പോൾ അടുത്ത ഹോട്ടലിലേക്ക് പാഴ്സൽ വാങ്ങാനോടില്ലേ? അടുത്ത തവണ അടുക്കളയിൽ നിന്നും രണ്ടുമൂന്നു പാത്രങ്ങൾ കൂടി കൊണ്ടു പോകൂ.. ഭക്ഷണം നമുക്ക് അതിൽ വാങ്ങാം

6) പ്ലാസ്റ്റിക് കടലിൽ എറിയരുത്. നമ്മുടെ മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കടലിൽ കുമിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് മാലിന്യം ഒരു കാരണമാണ്.

7) അയൽക്കൂട്ടം വഴി ഹരിത കർമ്മ സേനക്ക് നിങ്ങളുടെ വീടുകളിലെ അജൈവ മാലിന്യം കൈമാറാൻ വേണ്ടുന്ന ക്രമീകരണങ്ങൾ സംഘടിതമായി നടത്തിയെടുക്കുക.

8) അയൽക്കൂട്ടത്തിന്റെ കീഴിൽ ജൈവവേലി/പച്ചക്കറിതോട്ടം/ ഔഷധസസ്യ തോട്ടം /കടൽ ചെടികൾ എന്നിവയിൽ അനുയോജ്യമായ ഏതെങ്കിലുമൊന്ന് നട്ടുപിടിപ്പിച്ച് പരിപാലിച്ച് വായു ശുചീകരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും സാധ്യതയൊരുക്കുക.

9) പെൺകുട്ടിക്കും ആൺകുട്ടിക്കും വീട്ടിൽ തുല്യ സ്ഥാനമെന്നു മനസ്സിലാക്കുക. വല്ല വീട്ടിൽ ചെന്നുകയറേണ്ട പെണ്ണാണ് എന്ന് പറഞ്ഞു മകളെ തളർത്തുകയും അവനൊരു ആണാണെന്ന് പറഞ്ഞ് മകനെ വല്ലാതെ വളർത്തുകയും ചെയ്യാതിരിക്കാം.

10) സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമാണ് അതിലുപരി അതു നിങ്ങളുടെ മകളെ വില അങ്ങോട്ടു കൊടുത്തു വിൽക്കലാണ് പെൺമക്കൾ വിൽപ്പനക്കല്ല എന്ന് മനസ്സിൽ ഉറപ്പിക്കൂ.

11) എല്ലാ ആഴ്ചയിലും അയൽക്കൂട്ടം കൂടുമ്പോൾ അന്നത്തെ ദിനപത്രം സംഘത്തിൽ വായിക്കുന്നത് ഒരു ശീലമാക്കൂ.. ചുറ്റും നടക്കുന്നതെന്താണെന്ന് നമ്മൾ സ്ത്രീകളും അറിയേണ്ടേ?

12) എല്ലാമാസവും ഉണർവ്വ് പഠന പത്രിക സംഘത്തിൽ ചർച്ച ചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ അത് പറഞ്ഞ വ്യക്തിയുടെ പേര് സഹിതം ഒരു നോട്ട്ബുക്കിൽ കുറിച്ചു വയ്ക്കുകയും ചെയ്യാം.

13) "സ്ത്രീകളുടെ അവകാശങ്ങൾ മനുഷ്യാവകാശങ്ങൾ "എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ നിന്നും വെട്ടിയെടുത്ത് ഒരു ആൽബം തയ്യാറാക്കൂ. സംഘത്തിന്റെ പേരും അംഗങ്ങളുടെ വിവരങ്ങളും ചേർത്ത് ഡിസംബർ 10 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് മുൻപായി റ്റി.എസ്.എസ്.എസിൽ എത്തിക്കുന്ന മികച്ച 10 ആൽബങ്ങൾക്ക് സമ്മാനം.

14) നിങ്ങളുടെ സംഘത്തിന്റെ പേരിൽ ഒരു കൈയ്യെഴുത്തുമാസിക തയ്യാറാക്കിയാലോ? കഥകൾ, കവിതകൾ, ഓർമ്മക്കുറിപ്പുകൾ, ചിത്രങ്ങൾ, ഉപന്യാസം ഇങ്ങനെ നിങ്ങളുടെ ഭാവനാ സൃഷ്ടികൾ ചേർത്തുവച്ച് നല്ല ഒരു കയ്യെഴുത്തു മാസിക തയ്യാറാക്കൂ.

15) മണ്ണും പെണ്ണും ഒരുപോലെ അപകടത്തിലാണ് സ്ത്രീത്വത്തെ പ്രതിനിധീകരിച്ച് ഭൂമിദേവി ഒരു കത്തെഴുതിയാൽ എങ്ങനെയിരിക്കും? എഴുതി നോക്കൂ മികച്ച കത്തയക്കുന്ന സംഘത്തിന് സമ്മാനം

16) നീല സമ്പദ് വ്യവസ്ഥ എന്താണ്? ഒരു ചർച്ച സംഘത്തിൽ സംഘടിപ്പിക്കൂ.

**തയ്യാറാക്കിയത്,**
**ബബിത, ഐ.ജി.പി, കോഡിനേറ്റർ**

*Jeeva Jyothi Offset Press Tvm Phone. 0471 2311620*

**നവംബർ 2021** **ലക്കം 11**

# ഉണർവ്വ്
## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

### *മണ്ണും പെണ്ണും*

*മണ്ണ് പെണ്ണ് ! രണ്ടിനും നിരന്തരം പുരുഷൻ ഏൽപ്പിക്കുന്ന പോറലുകൾക്ക് ഇനിയും അറുതി വന്നിട്ടില്ല. വരുത്താൻ നമുക്ക് ഉദ്ദേശവുമില്ല. ജീവന്റെ നിലനിൽപിന് നേരെ കാലാകാലങ്ങളായി ഉയർന്നുപൊങ്ങുന്ന വെല്ലുവിളികളിലേക്ക് മനുഷ്യൻ ഇനിയെന്നാണ് ശ്രദ്ധതിരിക്കുന്നത്? മണ്ണിനും പെണ്ണിനുമൊപ്പമല്ലാതെ ജീവിക്കാനാവില്ല എന്നാണവൻ തിരിച്ചറിയുന്നത്.*

**നവംബർ 25**

ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ ലോകം മുഴുവൻ കൈകോർക്കുന്ന ദിനം പിന്നീടങ്ങോട്ടുള്ള 16 ദിനങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾ മനുഷ്യാവകാശങ്ങൾ ആണ് എന്നുറക്കെയുറക്കെയുള്ള ഗർജ്ജനങ്ങളിൽ ലോകം മുഴുവൻ പ്രകമ്പനം കൊള്ളുന്ന 16 ദിനങ്ങൾ ! 1991 ൽ അമേരിക്കയിലെ ഒരു ചെറുപട്ടണത്തിൽ ആരംഭിച്ച ഇലയനക്കം 30 വർഷം പിന്നിടുമ്പോൾ 187 രാജ്യങ്ങളിൽനിന്നായി ഏതാണ്ട് 6000 ചെറുതും വലുതുമായ സംഘടനകൾ കൈകോർക്കുന്ന കൊടുങ്കാറ്റായി മാറിയിരിക്കുന്നു. 2021 ലും നാം മാറി നിൽക്കുന്നില്ല നവംബർ 25 സ്ത്രീപീഡന വിരുദ്ധ ദിനം മുതൽ ഡിസംബർ 10 മനുഷ്യാവകാശ ദിനം വരെയുള്ള 16 ദിവസങ്ങൾ ഒരു പുനരുദ്ധാരണത്തിന് കാഹളം മുഴക്കുന്നു.

***എന്തിനാണീ പടയൊരുക്കം ?***
***ഏതു ധർമ്മയുദ്ധത്തിലേക്കാണ് നാം നീങ്ങുന്നത് ?***

സംശയമില്ല. വീണ്ടെടുപ്പിന്റെ യുദ്ധം തന്നെ. പെണ്ണിനൊപ്പം മണ്ണും ഒരു ഉയർപ്പുഞായറിനായി കാത്തിരിക്കുന്നു. മണ്ണോ ? അതെ മണ്ണുതന്നെ. കണ്ണിന്റെ മുന്നിൽ കാണുന്ന ഏതു പെൺരത്നത്തെയും പിന്നിലേക്ക് തള്ളി മാറ്റാൻ ആണത്തം വാശി പിടിക്കുമ്പോൾ ഭൂമിദേവിയും പെണ്ണായി ; ഇതേ ആണഹങ്കാരത്തിന്റെ മുന്നിൽ നീളത്തിലും ആഴത്തിലും ചൂഷണത്തിനിരയായി തളർന്ന്.... കിതച്ച്..... മടുത്ത് ഒടുവിൽ ആസന്നമായ മരണം കാത്തു കിടക്കുന്നു.

ഭൂമി നമ്മുടെ സംസ്കാരത്തിന് അമ്മയാണ്; ദേവിയാണ്; സംപൂജ്യയാണ്. ജീവന്റെ നിലനിൽപ്പിനുതന്നെ കാരണമാകുന്ന ക്ഷമയാണ്. പ്രകൃതിയാണ് ; അങ്ങനെ ഭൂമിയും പെണ്ണാണെങ്കിൽ - സുസ്ഥിരമല്ലാത്ത; ആർത്തി പൂണ്ട വികസന പ്രവർത്തനങ്ങളെല്ലാം അവൾക്ക് നേരെയുള്ള അതിക്രമം തന്നെ. അപ്പോൾ ആറു തരത്തിലുള്ള ലിംഗാധിഷ്ഠിത അതിക്രമങ്ങളുടെ കൂട്ടത്തിൽ ചേർത്തു വായിക്കേണ്ട ഒന്നായി മാറുന്നു ഭൂമിക്കെതിരെയുള്ള ചൂഷണം !

**ഏതൊക്കെയാണ്  ഈ 6 അതിക്രമങ്ങൾ ?**

1) സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമം
2) എൽ.ജി.ബി.റ്റി.ഐ ഗണത്തിൽപെടുന്നവർക്ക് നേരെയുള്ള അതിക്രമം
3) ജീവിതപങ്കാളിയിൽ നിന്നുണ്ടാകുന്ന പീഡനം
4) ഗാർഹികപീഡനം
5) ലൈംഗിക പീഡനം
6) സാമൂഹ്യഘടനയിൽ അന്തർലീനമായിരിക്കുന്ന അതിക്രമം

ഈ പട്ടികയിലാണ് ഏഴാമതൊന്നുകൂടി എഴുതിച്ചേർക്കപെടാൻ നാമിന്ന് നിർബന്ധിക്കപ്പെടുന്നത്.

**7) ഭൂമിക്ക് നേരെയുള്ള അതിക്രമം**

ഭൂമി എന്നത് നമുക്കു മുന്നിൽ തെളിഞ്ഞും ഒളിഞ്ഞും കിടക്കുന്ന കരയും കടലും അന്തരീക്ഷവുമാണെന്ന് നിർവചിച്ചാൽ ഇവ മൂന്നും എത്രകണ്ടു ചൂഷണം ചെയ്യപ്പെട്ടു എന്ന് ചിന്തിച്ചു നോക്കൂ. ഇവയുടെയെല്ലാം നന്മയെ ആവോളം നാം സ്വീകരിച്ചുകഴിഞ്ഞു. കടലിനെ നോക്കൂ എല്ലാവരുടെയും ആവശ്യത്തിനുള്ളത് കടലിലുണ്ട്. എന്നാൽ ആരുടെയും ആർത്തിയകറ്റാ നുള്ളതൊട്ടില്ലതാനും. ഒരു പ്രപഞ്ചായുസു മുഴുവൻ ജീവന്റെ തുടിപ്പായി  നിലകൊള്ളാൻ ത്രാണിയുള്ള നമ്മുടെ ആഴക്കടലിന്റെ സമ്പത്ത് ഊറ്റിയെടുത്തു എന്നു മാത്രമല്ല ഏറ്റവുമൊടുവിലായി കടൽ വിറ്റു തുലയ്ക്കാനുള്ള ചരടുവലികൾ നടക്കുന്നു. ജലജീവിതം ദുസ്സഹമാക്കും വിധം വിഷവസ്തുക്കൾ കടലിൽ തള്ളുന്നു എന്ന അതിക്രമത്തിന് പുറമേയാണ് "നീല സമ്പദ് വ്യവസ്ഥ" അഥവാ "ബ്ലൂ ഇക്കോണമി" എന്ന പുതിയ സമ്പത്ത്ശാസ്ത്രം. കടൽ വിൽപ്പന ചരക്കാകുമ്പോൾ കരയുടെ കാര്യം പറയേണ്ടതില്ലല്ലോ. മുന്നേ വിറ്റു തുലക്കപ്പെട്ടു കഴിഞ്ഞു. കാടെല്ലാം വികസനത്തിന്റെ നെടുംതൂണുകളായ ഹൈമാസ്റ്റ് ലൈറ്റിൽ തിളങ്ങുന്ന നാടുകളായി അതിവേഗം മാറുന്നു. ഇനിയുള്ളത് അന്തരീക്ഷമാണ്. അവസാനതുള്ളി ജീവവായു വരെ ഊറ്റിയെടുത്തിട്ടു വേണം കുടിവെള്ളം കുപ്പിയിലാക്കി വിൽക്കുന്ന അതേ കച്ചവടക്കാരന് ഓക്സിജൻ ആകർഷകമായി കൊണ്ടുനടക്കാവുന്ന സിലിണ്ടറിലാക്കാൻ. അതും വിൽപ്പനക്കാണ്. വാങ്ങാതെ തരമില്ല. ജീവിക്കണ്ടേ, 2070 ലെ ഭൂമിയെപ്പറ്റി മൺമറഞ്ഞ മുൻ ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം പറയുന്നു - വെള്ളമില്ല അതുകൊണ്ടുതന്നെ മനുഷ്യർക്ക് തലയിൽ മുടി വടിച്ചു കളയേണ്ടി വരും കഴുകി വൃത്തിയാക്കാൻ വെള്ളമില്ലല്ലോ വസ്ത്രം, നമ്മുടെ മാസ്ക്കുകൾ പോലെ ഒന്ന് ഉപയോഗിച്ച് കളയേണ്ടവ. കാരണം അതും കഴുകാൻ വെള്ളമില്ല. കുടിക്കാൻ ഒരു ദിവസം അര ഗ്ലാസ് വെള്ളമാവും അനുവദനീയം ഗാർഹിക ആവശ്യങ്ങൾക്കുള്ള വെള്ളം റേഷൻകട വഴി !  ഇന്ന് കുറച്ചു മണ്ണെണ്ണ കിട്ടുന്നതുപോലെ ! ഭക്ഷണം ചെറിയ ഗുളിക പരുവത്തിലായിരിക്കും കാരണം കോടിക്കണക്കിന് ജനങ്ങൾക്ക് മലമൂത്രവിസർജനത്തിനുശേഷം ശുചിയാക്കുന്നതിനുള്ള വെള്ളം ഭൂമിയിൽ ഉണ്ടാവില്ല. മനുഷ്യൻ 30 വയസ്സിൽ തന്നെ വാർദ്ധക്യം ബാധിച്ച് രോഗികളായിരിക്കും. മരങ്ങളില്ല, വെള്ളമില്ല, പുഴയും തോടും കായലും കടലുമില്ല. വേഗം തന്നെ ജീവനും ഭൂമിയിൽ ഇല്ലാതെയാകും.

ഇനിയും വൈകിയിട്ടില്ല. ഒരു മരം നട്ടുപിടിപ്പിക്കേണ്ട ഏറ്റവും നല്ല സമയം 40 വർഷം മുമ്പായിരുന്നു. അന്നു നമ്മൾ അതിനു മെനക്കെട്ടില്ല. ഇനിയുള്ള സമയം ഇന്നാണ്. ഇപ്പോഴാണ്. ചിന്തിച്ചു തുടങ്ങാം. പ്രവർത്തിച്ചു തുടങ്ങാം. അതിനുവേണ്ടിയുള്ളതാണ് ഈ നവംബർ 25 മുതൽ ഡിസംബർ 10 വരെയുള്ള 16 ദിനങ്ങൾ. മണ്ണും പെണ്ണും  ഉയർത്തെഴുന്നേൽക്കട്ടെ....

**ഒരു പുത്തൻ ഉണർവിലേക്ക് !**

**ലിംഗസമത്വ ത്തിലേക്ക്  !**

**അല്ല ലിംഗനീതി യിലേക്ക് !**

ഇവിടെ സാധാരണക്കാരായ സ്ത്രീകൾ നമ്മൾ എന്ത് ചെയ്യാനാണ് എന്ന് ഒരു സംശയം ബാക്കി നിൽക്കുന്നുണ്ടല്ലോ ? മഴത്തുള്ളികൾ ഭൂമിയിലേക്ക് പതിക്കുന്നത് ഒറ്റ....ഒറ്റയായിട്ടാണ്. എന്നാൽ ആർത്തലച്ചു ഒഴുകുന്ന പുഴയുടെ രൗദ്രതയായും പ്രശാന്തസുന്ദരമായ കടലിന്റെ പ്രൗഢിയായും മറ്റും ഈ ഒറ്റ....ഒറ്റ...തുള്ളികൾ വളരുന്നത് അവ സംഘടിക്കുമ്പോഴാണ്. ഓരോ മരവും ഒറ്റയ്ക്കാണ് എന്നാൽ അവ ഒന്നിച്ചു നിൽക്കുന്നത് കാണുമ്പോഴാണ് നാം കാട് എന്ന് വിളിക്കുന്നത്. ഒന്നിച്ചു നിന്നാൽ ശക്തി പലമടങ്ങായി പെരുകുമെന്നതിന് ഇതിലും വലിയ തെളിവെന്താണ് നമുക്കുവേണ്ടത്.  ഒറ്റ മഴത്തുള്ളിയെപോലെ, ഒറ്റ മരത്തെപോലെ ഒറ്റക്കു നമുക്ക് ചിലത് ചെയ്യാം. അങ്ങനെ ആയിരം സ്ത്രീകൾ ചെയ്യുമ്പോൾ നമ്മളും വളരും കാടായും കടലായുമൊക്കെ ഭൂമിയടക്കമുള്ള സ്ത്രീത്വത്തിനെ അതിന്റെ പൂർണ്ണതയിലേക്ക് തിരിച്ചുപിടിക്കാനാവട്ടെ നമ്മുടെ ശ്രദ്ധ.

16 ദിനങ്ങളിലായി 16 പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു. ഒറ്റക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങളുണ്ട്. നമ്മളോരോരുത്തർക്കും  വേണ്ടി നമ്മുടെ മക്കളുടെ നല്ല നാളേക്കു വേണ്ടി നമുക്കിതോരോന്നും ചെയ്തു തീർക്കാം. 16 ദിനങ്ങൾക്കപ്പുറം ഭൂമിയെ സ്നേഹിക്കുന്ന പെണ്ണിനെ, മാനിക്കുന്ന ചില ശീലങ്ങൾ നമുക്കുണ്ടാക്കിയെടുക്കാം !!!

**1)** പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക. കാരണം പ്ലാസ്റ്റിക് മണ്ണിൽ അലിഞ്ഞു ചേരുന്ന വസ്തുവല്ല.  അതങ്ങനെതന്നെ കിടക്കുകയും മണ്ണിനെ വിഷമയമാക്കുകയും ചെയ്യും.

**2)** നിർബന്ധിത സാഹചര്യങ്ങളിൽ പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക് മാത്രം വാങ്ങി ഉപയോഗിക്കുക. ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് കവർ, വെള്ളകുപ്പി, ഐസ്ക്രീം പാത്രം, മുതലായവ ഒഴിവാക്കുക.

**3)** തുണിസഞ്ചി ശീലമാക്കാം നമുക്ക്. കടയിൽ പോകുമ്പോൾ അതൊന്നു ചുരുട്ടി കയ്യിൽ പിടിച്ചാൽ ഒരു ദിവസം ഒരു കവർ വെച്ച് ഒരു മാസം 30 കവർ കടലിൽ തള്ളാതിരിക്കാം.

**4)** പ്ലാസ്റ്റിക് കത്തിക്കരുത് അത് നിങ്ങൾ ശ്വസിക്കുന്ന വായുവിഷമക്കി മാറ്റും. നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും കാൻസർ പോലുള്ള മാരക രോഗങ്ങൾ ഉണ്ടായേക്കാം.